## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5222 26.03.2018 - ൽ മറുപടിക്ക്**

# തലശ്ശേരി നിയോജകമണ്ഡലത്തിലെ കൊട്ടുവള്ളി റെയിൽവേ ഓവർ ബ്രിഡ്ജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. എൻ. ഷംസീർ : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | 2016 - 17 വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തിയായ കൊട്ടുവള്ളി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) | ഈ പദ്ധതിയ്ക്ക് 04.02.2017 - ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 132/2017/പൊ.മ.വ പ്രകാരം 37.38 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. APR - 1/76/2017/KIIFB തീയതി 16.05.2017 പ്രകാരം ഈ പദ്ധതി കിഫ്ബി അംഗീകരിക്കുകയും 26.42 കോടി രൂപ അനുവദിച്ചിട്ടുള്ള-തുമാണ്. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ജില്ലാ കളക്ടർക്ക് 06.07.2017 - ന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ആയതിന്റെ പ്രവൃത്തി പൂർത്തീകര-ണത്തിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരികയാണ്. മൂന്ന് നെഗോസിയേഷൻ മീറ്റിംഗുകൾ നടത്തിയെങ്കിലും എല്ലാ ഭൂവുടമകളും SLEC നിശ്ചയിച്ച വില അംഗീകരിച്ചിട്ടില്ല. LA ആക്ട് പ്രകാരമുള്ള നടപടികളും സമാന്തരമായി നടന്നുവരുന്നു. |

LA ആക്ട് പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് ഏകദേശം ഒരു വർഷത്തെ സമയം വേണ്ടി വരും. ഭൂമി ലഭ്യമായാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

S. Binsh

**സെക്ഷൻ ഓഫീസർ**